"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ് - കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "ജൈവ സാങ്കേതികവിദ്യ വികസന പരിപാടികൾ"- 3425-60-200-70-പ്ലാൻ - രണ്ടാം ഗഡുവായി 33.67 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

സ.ഉ.(സാധാ) നം. 55/2021/ശാ.സാ.വ തിരുവനന്തപുരം, തീയതി 29/11/2021

---

പരാമർശം 1. 7/06/2021 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.17/2021/ശാ.സാ.വ

2. 4/08/2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.34/2021/ശാ.സാ.വ

3. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 13/10/2021 തീയതിയിലെ കെ.എസ്.സി. എസ്.റ്റി.ഇ/492/2021 - സി5 നമ്പർ കത്ത്

**ഉത്തരവ്**

2021 - 22 സാമ്പത്തിക വർഷം, "കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "ജൈവ സാങ്കേതികവിദ്യ വികസനം" എന്ന പദ്ധതിയ്ക്ക് 110 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം, നൽകുകയുണ്ടായി.

2. 2021 - 22 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം 3425-60-200-70-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും ആദ്യ ഗഡുവായി 33.367 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകുകയുണ്ടായി.

3. ടി പദ്ധതിയ്ക്ക് രണ്ടാം ഗഡുവായി 36.67 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൗൺസിൽ മെമ്പർ സെക്രട്ടറി പരാമർശിത കത്ത് പ്രകാരം, ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "ജൈവ സാങ്കേതിക വിദ്യ വികസന പരിപാടികൾ" എന്ന പദ്ധതിയ്ക്ക്, 3425-60-200-70-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 33.67 ലക്ഷം (മുപ്പത്തിമൂന്നു ലക്ഷത്തി അറുപത്തി ഏഴായിരം) രൂപ താഴെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കുന്നു.

i. 16.4.2018 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 62/18/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

ii. 09.12.08 തീയതിയിലെ സർക്കുലർ നമ്പർ.84/8/ധന-യിലെയും 30/01/18 തീയതിയിലെ സർക്കുലർ നമ്പർ.08/18/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.4/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11/09/2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.93/2020/ധന പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

iv. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രൊഫ.ഡോ.കെ.പി.സുധീർ,**

**എക്സ് ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ല ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

സബ്-ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് [1801749/PU-C4/86/2021-FIN പ്രകാരം]

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ